കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ്—കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിയുള്ളവർക്കായി "കൈവല്യ" എന്ന പേരിൽ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

തൊഴിലും നൈപുണ്യവും (എച്ച്) വകുപ്പ്

സ. ഉ. (പി) നമ്പർ 174/2016/തൊഴിൽ. തിരുവനന്തപുരം, 2016 നവംബർ 1.

പരാമർശം:—എംപ്ലോയ്മെന്റ് ഡയറക്ടറുടെ 7-9-2016-ലെ പി2/13559/2015/ഡി.ഇ. നമ്പർ കത്ത്.

ഉത്തരവ്

2016-17 സാമ്പത്തികവർഷത്തെ ബഹു. ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഭിന്നശേഷിക്കാരായ ആളുകൾക്ക് സാമ്പത്തിക സഹായവും പരിശീലനവും നൽകി ശക്തിപ്പെടുത്തുന്നതിനുവേണ്ടി "കൈവല്യ" എന്ന പേരിൽ ഒരു പദ്ധതി ആരംഭിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ 2016-17-ലെ ആദ്യ ബഡ്ജറ്റ് എസ്റ്റിമേറ്റിനുള്ള ഭേദഗതി പത്രികയിൽ "2230-02-101-93-Plan എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്ത ഭിന്നശേഷിയുള്ളവർക്കായുള്ള പുനരധിവാസവും ക്ഷേമപ്രവർത്തനവും (കൈവല്യ)" എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ ആയിരം രൂപ വകയിരുത്തുകയും ചെയ്തിരുന്നു. അതനുസരിച്ച് എംപ്ലോയ്മെന്റ് ഡയറക്ടർ ഒരു സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി തയ്യാറാക്കി പരാമർശപ്രകാരം സർക്കാരിന് സമർപ്പിച്ചു.

GCPT. 3/3610/2016/S-12.

2. പ്രസ്തുത പദ്ധതി സർക്കാർ വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിയുള്ളവർക്കായി "കൈവല്യ" എന്ന അനുബന്ധമായി ചേർത്തിരിക്കുന്ന പദ്ധതി നടപ്പിലാക്കുന്നതിന് താഴെ ചേർക്കുന്ന നിബന്ധനകൾക്ക് വിധേയമായി ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു:

(1) പദ്ധതി നടത്തിപ്പിനുള്ള ഭരണച്ചെലവ് പദ്ധതി തുകയുടെ 5 ശതമാനത്തിൽ കവിയാൻ പാടുള്ളതല്ല.

(2) പദ്ധതിയുടെ നടത്തിപ്പ് എംപ്ലോയ്മെന്റ് വകുപ്പിലെ ഇപ്പോഴുള്ള ജീവനക്കാരെക്കൊണ്ടുതന്നെ നിർവ്വഹിക്കേണ്ടതാണ്.

(3) ടി പദ്ധതിയുടെ ചെലവ് "2230-02-101-93 (പ്ലാൻ)" ഹെഡ് ഓഫ് അക്കൗണ്ടിൽ വകയിരുത്തുന്ന തുകയിൽ നിന്നും വഹിക്കേണ്ടതാണ്.

ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,

ടോം ജോസ്,
*അഡീഷണൽ ചീഫ് സെക്രട്ടറി.*

എംപ്ലോയ്മെന്റ് ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ വകുപ്പ് തലവന്മാർക്കും.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം. (ഇതിന് ധനകാര്യ വകുപ്പിന്റെ അനുമതി ഉണ്ട്).

മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.

ഡയറക്ടർ, കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലേബർ ആന്റ് എംപ്ലോയ്മെന്റ്, തിരുവനന്തപുരം.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.

എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും
നഗരസഭാ അദ്ധ്യക്ഷന്മാർക്കും
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
} എംപ്ലോയ്മെന്റ് ഡയറക്ടർ മുഖേന.

എല്ലാ ജില്ലാ കളക്ടർമാർക്കും

ധനകാര്യ വകുപ്പ് (14-10-2016-ലെ 312677/എച്ച് & എൽ.എ1/16/ധന. നമ്പർ കുറിപ്പ് പ്രകാരം).

റവന്യൂ വകുപ്പ്/സാമൂഹ്യക്ഷേമ വകുപ്പ്.

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ്.

തദ്ദേശസ്വയംഭരണ വകുപ്പ്.

തൊഴിൽ വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.

സംഭരണ ഫയൽ/ഓഫീസ് കോപ്പി.

## അനുബന്ധം

കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിയുള്ളവർക്കായുള്ള ഈ സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി "കൈവല്യ" എന്ന പേരിലായിരിക്കും അറിയപ്പെടുക.

1. ശീർഷകം-വ്യാപ്തി-ബാധകം

(എ) ഈ പദ്ധതി കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിയുള്ളവർക്കായുള്ള സമഗ്ര തൊഴിൽ പുനരധിവാസ പദ്ധതി "കൈവല്യ" എന്ന പേരിലായിരിക്കും അറിയപ്പെടുക.

(ബി) ഈ പദ്ധതി കേരള സംസ്ഥാനത്തിന് മൊത്തം ബാധകമായിരിക്കും.

(സി) സംസ്ഥാന ഗവൺമെന്റ് നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്ന തീയതി മുതൽ ഈ പദ്ധതി, നിലവിൽ വരുന്നതാണ്.

(ഡി) ഭിന്നശേഷിയുള്ളവർ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് 1995-ലെ പി. ഡബ്ല്യൂ. ഡി. ആക്ട്/റൂളിൽ നിർദ്ദേശിക്കപ്പെട്ട പ്രകാരമുള്ള സർട്ടിഫിക്കറ്റ് ഹാജരാക്കി എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഉദ്യോഗാർത്ഥികളെയാണ്.

(ഇ) ഈ പദ്ധതിക്ക് താഴെപ്പറയുന്ന 4 ഘടകങ്ങൾ ഉണ്ടായിരിക്കും:

I വൊക്കേഷണൽ ആന്റ് കരിയർ ഗൈഡൻസ്.

II കപ്പാസിറ്റി ബിൽഡിംഗ്.

III മത്സരപരീക്ഷകൾക്ക് തയ്യാറെടുക്കുന്നതിനുള്ള പരിശീലന പരിപാടി.

IV സ്വയംതൊഴിൽ വായ്പാ പദ്ധതി.

(എഫ്) പദ്ധതിത്തുകയുടെ 5% പരസ്യം, മോണിറ്ററിംഗ്, അടിസ്ഥാന സൗകര്യം എന്നിവയ്ക്കുവേണ്ടി വിനിയോഗിക്കാവുന്നതാണ്. കൈവല്യ പദ്ധതിയിൽ ഉൾപ്പെടുന്ന ഭിന്നശേഷിയുള്ളവരെ മേൽ പരാമർശിച്ച ഒന്നോ അതിലധികമോ ഘടക പദ്ധതികളിലൂടെ വരുമാനമാർഗ്ഗമുള്ള തൊഴിൽ കണ്ടെത്തി സ്വന്തംകാലിൽ നിൽക്കുവാൻ പ്രാപ്തരാക്കുക എന്നതാണ് പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

I. വൊക്കേഷണൽ & കരിയർ ഗൈഡൻസ്

(1) രജിസ്റ്റർ ചെയ്തവരിൽ സമാന ഗ്രൂപ്പുകളെ കണ്ടെത്തി അവർക്ക് കരിയർ ഗൈഡൻസ്, മോട്ടിവേഷൻ, തൊഴിൽ സാദ്ധ്യതകളെ സംബന്ധിച്ച വിവരങ്ങൾ, ലഭിക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ എന്നിവ നൽകുന്നതാണ്.

സ്പെഷ്യൽ സ്കൂളുകൾ, ഭിന്നശേഷിക്കാർക്കുവേണ്ടി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ, സർക്കാരിതര സംഘടനകൾ എന്നിവയുമായി ബന്ധപ്പെട്ടും മേൽപ്പറഞ്ഞ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

(2) ഗൈഡൻസും മോട്ടിവേഷനും സംബന്ധിച്ച പ്രവർത്തനങ്ങളിൽ ആവശ്യമെങ്കിൽ രക്ഷാകർത്താക്കളേയും ഉൾപ്പെടുത്തുന്നതും ഈ രംഗത്തു പ്രവർത്തിക്കുന്ന പ്രഗൽഭരുടെ സേവനം ലഭ്യമാക്കുന്നതുമാണ്.

(3) ഈ പദ്ധതി വിജയകരമായി നടപ്പാക്കുന്നതിലേക്ക്, എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിലവിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിയുള്ളവരുടെ വൈകല്യം, യോഗ്യത, അഭിരുചി, താൽപര്യം, കപ്പാസിറ്റി എന്നിവയെ അടിസ്ഥാനമാക്കി ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കുന്നതാണ്.

II. കപ്പാസിറ്റി ബിൽഡിംഗ് (Capacity building)

മേൽ പരാമർശിച്ച I (3)-ലെ ഡേറ്റാ ബാങ്കിൽ(data bank) ഉൾപ്പെട്ട താൽപര്യമുള്ള ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ ട്രെയിനിംഗ് നൽകി അവരെ ലക്ഷ്യത്തിലെത്താൻ പ്രാപ്തരാക്കുക എന്നതാണ് ഇതുകൊണ്ട് ഉദ്ദേശിക്കുന്നത്. ഉദ്യോഗാർത്ഥികളെ എംപ്ലോയബിൾ (employable) ആക്കുന്നതിലേക്കായി സോഫ്റ്റ് സ്കിൽ ട്രെയിനിംഗ് (soft skill training) നൽകുന്നതാണ്. സ്വയംതൊഴിൽ മേഖലയിൽ ഉദ്യോഗാർത്ഥികൾക്ക് താൽപര്യം സൃഷ്ടിക്കുന്നതിനും അവരെ പ്രാപ്തരാക്കുന്നതിനും സംരംഭകത്വ വികസന പരിശീലനം നൽകുന്നതാണ്. ഉദ്യോഗാർത്ഥികൾക്ക് താൽപര്യമുള്ള മേഖലയിൽ പ്രത്യേക പരിശീലനം ആവശ്യമുണ്ടെങ്കിൽ അത്തരം പരിശീലനം നൽകുന്ന സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് പരിശീലനം നൽകുന്നതാണ്. ആർ. എസ്. ഇ. റ്റി. ഐ. (RSETI), എംപ്ലോയബിലിറ്റി സെന്റർ (Employability centre), വി. ആർ. സി. (VRC) ഈ രംഗത്തു പ്രവർത്തിക്കുന്ന സർക്കാരിതര സ്ഥാപനങ്ങൾ എന്നിവയുമായി ഇക്കാര്യത്തിൽ സഹകരിക്കുന്നതാണ്.

ഭിന്നശേഷിക്കാരുടെ പ്രശ്നങ്ങൾ സവിശേഷമായതിനാൽ ആയതു കൈകാര്യം ചെയ്യുന്നതിന് വകുപ്പിലെ ജീവനക്കാരെ കൂടുതൽ പ്രാപ്തരാക്കേണ്ടതുണ്ട്. ആയതിലേക്ക് ഉദ്യോഗസ്ഥർക്ക് ട്രെയിനിംഗ് നൽകുന്നതാണ്.

III. **മൽസര പരീക്ഷാ പരിശീലനം**

സർക്കാർ-അർദ്ധ സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങളിൽ നിന്നും അറിയിക്കപ്പെടുന്ന ഒഴിവുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതു മുതൽ ലക്ഷ്യത്തിലെത്തുന്നതുവരെ വിവിധ ഘട്ടങ്ങളിൽ അവരെ സഹായിക്കുന്നതിനും, അതിലേക്കു നടത്തുന്ന മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനും ഉദ്ദേശിക്കുന്നു. മേൽ ഐറ്റം I (3)-ൽ പരാമർശിച്ചിട്ടുള്ള പ്രകാരം മാപ്പിംഗ് നടത്തി തയ്യാറാക്കിയിട്ടുള്ള ഡാറ്റാ ബാങ്കിൽ ഉള്ള ഉദ്യോഗാർത്ഥികളിൽ, അറിയിക്കപ്പെടുന്ന തസ്തികയ്ക്ക് അനുയോജ്യരായ ഉദ്യോഗാർത്ഥികളെ ഒഴിവുകൾ സംബന്ധിച്ച വിവരം അറിയിക്കുന്നതും അവരെ അപേക്ഷ അയയ്ക്കുന്നതിനുൾപ്പെടെ സഹായിക്കുന്നതുമാണ്. അതിൽ നിന്നും കുറഞ്ഞത് 30 മുതൽ 50 വരെയുള്ള ഉദ്യോഗാർത്ഥികളെ തിരഞ്ഞെടുത്ത് സൗജന്യമായി പരിശീലനം നൽകുന്നു. ലക്ഷ്യത്തിലെത്തുന്നതു വരെയുള്ള ഒരു തുടർപരിശീലന പരിപാടിയാണ് ഉദ്ദേശിക്കുന്നത്. ഏറ്റവും കുറഞ്ഞത് 60 ദിവസം ഇപ്രകാരം പരിശീലനം നൽകുന്നതും പരീക്ഷയോട് തൊട്ടടുത്ത ദിവസങ്ങളിൽ റിഫ്രഷർ പരിശീലനം നൽകുന്നതുമാണ്. പരിശീലന കാലയളവിൽ സ്റ്റൈപ്പന്റ്, സൗജന്യ ഭക്ഷണം എന്നിവ നൽകുന്നതുമാണ്.

IV. **സ്വയംതൊഴിൽ വായ്പാ സഹായ പദ്ധതി**

(1) <u>അർഹത</u>

(a) കേരളത്തിലെ ഏതെങ്കിലും എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്ട്രേഷൻ നിലവിൽ ഉണ്ടായിരിക്കണം.

(b) അപേക്ഷിക്കുന്ന ദിവസം പ്രായം 21-നും 55-നും മധ്യേ ആയിരിക്കണം.

(c) കുടുംബ വാർഷിക വരുമാനം രണ്ടു ലക്ഷം രൂപയിൽ കവിയാൻ പാടില്ല (വില്ലേജ് ഓഫീസറുടെ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കണം). ബി. പി. എൽ. റേഷൻ കാർഡ് ഉള്ളവർക്ക് വരുമാന സർട്ടിഫിക്കറ്റ് ആവശ്യമില്ല.

(d) എഴുതാനും വായിക്കാനും അറിഞ്ഞിരിക്കണം.

(e) സംരംഭം സ്വന്തമായി നടത്തുവാൻ കഴിയാത്തത്ര അംഗവൈകല്യ മുള്ളപക്ഷം അടുത്ത ഒരു ബന്ധുവിനെക്കൂടി (മാതാവ്/പിതാവ്/ ഭർത്താവ്/ഭാര്യ/മകൻ/മകൾ തുടങ്ങിയ) ഉൾപ്പെടുത്തി വായ്പ അനുവദിക്കുന്നതാണ്.

(f) ഈ ചട്ടങ്ങൾക്കനുസരിച്ച് ധനസഹായം ലഭിക്കുന്നവർക്ക് തുടർന്ന് തൊഴിൽ രഹിതവേതനം ലഭിക്കുന്നതല്ല.

(g) ഈ പദ്ധതിപ്രകാരം ധനസഹായം ലഭിക്കുന്നവരുടെ രജിസ്ട്രേഷൻ ലൈവ് ആയി സൂക്ഷിക്കാൻ അനുവദിക്കുന്നതും അവരെ സ്ഥിരം ഒഴിവുകൾക്ക് പരിഗണിക്കുന്നതുമാണ്. അവർ ആഗ്രഹിക്കുന്നപക്ഷം, അവർ നടത്തുന്ന സംരംഭം നന്നായി തുടർന്നുപോകുമെന്ന ഉറപ്പിന്മേൽ അവരെ താൽക്കാലിക ഒഴിവുകൾക്കും പരിഗണിക്കുന്നതുമാണ്. സ്ഥിരം ജോലി ലഭിക്കുന്നപക്ഷം സബ്സിഡി ഒഴികെയുള്ള വായ്പാത്തുക മുഴുവൻ ഒറ്റത്തവണയായി തിരിച്ചടയ്ക്കേണ്ടതാണ്. എന്തെങ്കിലും പ്രത്യേക സാഹചര്യം ചൂണ്ടിക്കാട്ടുന്നപക്ഷം ഗഡുക്കളായി (പരമാവധി 5 മാസ തവണ) തിരിച്ചടയ്ക്കാൻ അനുവദിക്കുന്നതാണ്.

(h) വ്യക്തിഗത സംരംഭങ്ങൾക്കാണ് വായ്പ നൽകുന്നതെങ്കിലും പ്രായോഗികമാകുമെങ്കിൽ സംയുക്ത സംരംഭവും ആരംഭിക്കാവുന്നതാണ്. ഓരോ വ്യക്തിക്കും പരമാവധി വായ്പയ്ക്കും സബ്സിഡിക്കും അർഹതയുണ്ടായിരിക്കും.

(i) <u>വായ്പ തുക:</u>—ഒരു വ്യക്തിക്ക് പരമാവധി 50,000 (അൻപതിനായിരം) രൂപവരെയാണ് സാധാരണഗതിയിൽ വായ്പയായി അനുവദിക്കുന്നത്. ആവശ്യപ്പെടുന്നപക്ഷം ഒരു ലക്ഷം രൂപവരെ അനുവദിക്കാവുന്നതാണ്.

(j) <u>സബ്സിഡി:</u>—വായ്പാത്തുകയുടെ 50 ശതമാനം പരമാവധി 25,000 (ഇരുപത്തയ്യായിരം രൂപ) വരെ സബ്സിഡിയായി അനുവദിക്കുന്നതാണ്.

(k) <u>പലിശ:</u>—പലിശ രഹിത വായ്പയാണ് നൽകുന്നത്.

(2) അപേക്ഷിക്കേണ്ടുന്ന വിധം:

എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തിട്ടുള്ള ഭിന്നശേഷിയുള്ള ഒരു ഉദ്യോഗാർത്ഥിക്ക് അപേക്ഷാഫാറം സൗജന്യമായി ലഭിക്കുന്നതാണ്. കൂടാതെ വകുപ്പിന്റെ വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ ഹാജരായി ഏതുദിവസവും അപേക്ഷ നൽകാവുന്നതാണ്. അപേക്ഷ തയ്യാറാക്കുന്നതു മുതൽ പരിശീലനം, അടിസ്ഥാന സൗകര്യമൊരുക്കൽ, സംരംഭത്തിന്റെ നടത്തിപ്പ്, തുടങ്ങി എല്ലാ മേഖലകളിലും വകുപ്പിലെ ഉദ്യോഗസ്ഥരുടെ മേൽനോട്ടവും പിന്തുണയും സഹായവും ഉണ്ടാകുന്നതാണ്.

(3) പദ്ധതി പ്രകാരം ആരംഭിക്കാവുന്ന സംരംഭങ്ങൾ

1. സ്റ്റേഷനറി ഷോപ്പ് (അതിലൂടെ ഏജൻസി ബിസിനസ് തുടങ്ങാവുന്നതാണ്).
2. പലചരക്ക് കട.
3. ടെക്സ്റ്റയിൽസ് ആന്റ് റെഡിമെയ്ഡ് ഷോപ്പ്.
4. സ്പെയർ പാർട്ട്സ് ഷോപ്പ് (ഓട്ടോമൊബൈൽസ്).
5. ഹാർഡ്‌വെയർ ഷോപ്പ്.
6. ഫാൻസി ഷോപ്പ്.
7. കുട നിർമ്മാണം.
8. മെഴുകുതിരി നിർമ്മാണം.
9. നോട്ട് ബുക്ക് നിർമ്മാണം.
10. റബ്ബർ ചെരുപ്പ് നിർമ്മാണം.
11. സ്കൂൾ ബാഗ് നിർമ്മാണം.
12. വാട്ടർ ബോട്ടിൽ നിർമ്മാണം.
13. സോപ്പ് നിർമ്മാണം.
14. പേപ്പർ ബാഗ്/കവർ നിർമ്മാണം.
15. ഫയൽ ബോർഡ്/ബുക്ക് ബൈന്റിംഗ്.
16. കരകൗശല ഉൽപ്പന്നങ്ങളുടെ നിർമ്മാണം.

17. പേപ്പർ പ്ലേറ്റ് നിർമ്മാണം.
18. ഫാൻസി ആഭരണ നിർമ്മാണം.
19. പപ്പട നിർമ്മാണം.
20. ലോട്ടറി (ലോട്ടറി ലൈസൻസ്).
21. സ്ക്രീൻ പ്രിന്റിംഗ്.
22. ഡിജിറ്റൽ പ്രിന്റിംഗ് (പ്ലാസ്റ്റിക് ബാഗ്, ചെരുപ്പ് തുടങ്ങിയവയിൽ ഡിസൈൻ ചെയ്യാവുന്നതാണ്.)
23. മാര്യേജ് ബ്യൂറോ.
24. ഗൃഹോപകരണങ്ങളുടെ റിപ്പയറിംഗ്.
25. ഇലക്ട്രോണിക് ഉപകരണങ്ങളുടെ റിപ്പയറിംഗ്.
26. ഫാബ്രിക് പെയിന്റിംഗ്.
27. കമ്പ്യൂട്ടർ ഹാർഡ് വെയർ സർവ്വീസ്.
28. മൊബൈൽ ഫോൺ സർവ്വീസ്.
29. ഫ്ളവർ മേക്കിംഗ്.
30. ടെയിലറിംഗ്.
31. ഡി. റ്റി. പി. & ഫോട്ടോസ്റ്റാറ്റ്.
32. വെൽഡിംഗ് വർക്ഷോപ്പ്.
33. മോട്ടോർ വൈന്റിംഗ്.
34. ഇ-ഫയലിംഗ് & ഇന്റർനെറ്റ് കഫേ.
35. ചാർട്ടേർഡ് അക്കൗണ്ടന്റ്.
36. ഡോക്ടർ (ആയുർവ്വേദം, ഹോമിയോ, ഡെന്റൽ).
37. ലോയർ (ഓഫീസ്).
38. കൗൺസിലിംഗ്.
39. ട്യൂഷൻ സെന്റർ.
40. നാടൻ പലഹാര നിർമ്മാണം.
41. മൃഗപരിപാലനം.

GCPT. 3/3610/2016/S-12.

42. ജൈവപച്ചക്കറി കൃഷി.

43. തേനീച്ച വളർത്തൽ (.........................................)

മേൽപ്പറഞ്ഞവ കൂടാതെ പ്രാദേശികമായി വിജയകരമായി നടപ്പാക്കാവുന്ന ഉചിതമായ ഏതു സംരംഭത്തിനും ജില്ലാതല സമിതി അംഗീകരിക്കുന്നപക്ഷം വായ്പ അനുവദിക്കുന്നതാണ്.

4. കൈവല്യ സ്വയംതൊഴിൽ പദ്ധതിക്കുവേണ്ടിയുള്ള ജില്ലാതല സമിതിയുടെ ഘടന

ജില്ലാ കളക്ടർ—ചെയർമാൻ

ബന്ധപ്പെട്ട സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർ—കൺവീനർ

ജില്ലാ സാമൂഹികക്ഷേമ ഓഫീസർ—മെമ്പർ

ജില്ലാ എംപ്ലോയ്മെന്റ് ഓഫീസർ—മെമ്പർ

എംപ്ലോയ്മെന്റ് ഓഫീസർ (പി. എൽ.)—മെമ്പർ

എംപ്ലോയ്മെന്റ് ഓഫീസർ (എസ്. ഇ.)—മെമ്പർ

സർക്കാർ അംഗീകൃത സ്പെഷ്യൽ സ്കൂൾ പ്രതിനിധികൾ (പരമാവധി 2 പേർ)—മെമ്പർ.

എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖാന്തിരം ലഭിക്കുന്ന അപേക്ഷ പരിഗണിച്ച് അപേക്ഷകർ അനുയോജ്യരാണോ എന്നും പ്രോജക്ട് ഫീസിബിൾ/വയബിൾ (project feasible/viable) ആണോ എന്നും പരിശോധിച്ച് അംഗീകാരം നൽകുകയും വായ്പാത്തുക നിശ്ചയിക്കുകയും ചെയ്യുകയാണ് കമ്മിറ്റിയുടെ ചുമതല.

(5) പദ്ധതി നടപ്പാക്കുന്ന വിധം

കൈവല്യ പദ്ധതി ഘടകം I-ന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കുന്ന ഡേറ്റാ ബാങ്കിൽ സ്വയംതൊഴിൽ പദ്ധതിയോട് താൽപ്പര്യം പ്രകടിപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ലഭിക്കുന്ന അപേക്ഷകൾ ബന്ധപ്പെട്ട എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലെ റിക്കാർഡ്കളുമായി ഒത്തുനോക്കി പരിശോധന നടത്തി എല്ലാ അർത്ഥത്തിലും അർഹതയുള്ളപക്ഷം ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിലേക്ക് അയച്ചുകൊടുക്കേണ്ടതാണ്. അപേക്ഷ തയ്യാറാക്കുന്നതിനും, പ്രോജക്ട് തയ്യാറാക്കുന്നതിനും വകുപ്പുതല ഉദ്യോഗസ്ഥർ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതാണ്.

ഏറ്റവും കുറഞ്ഞത് 5 അപേക്ഷകൾ ലഭിച്ചു കഴിഞ്ഞാൽ ഇതിനായി രൂപീകരിച്ചിട്ടുള്ള ജില്ലാതല സമിതികൂടി അഭിമുഖം നടത്തി അംഗീകാരം നൽകുന്നതാണ്. അപേക്ഷകർക്ക് വായ്പ അനുവദിക്കുന്നതും എത്ര തുക അനുവദിക്കണമെന്ന് തീരുമാനിക്കുന്നതും പദ്ധതിക്കായി രൂപീകരിക്കുന്ന ജില്ലാ സമിതിയാണ്. ആയത് അന്തിമമാണ്. ഇക്കാര്യത്തിൽ പുനഃപരിശോധന അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്. അംഗീകാരം ലഭിച്ചുകഴിഞ്ഞാൽ ബോണ്ട് വയ്ക്കേണ്ടതും നിർദ്ദിഷ്ട രജിസ്റ്ററുകളിലും രേഖകളിലും ആവശ്യമായ രേഖപ്പെടുത്തലുകൾ വരുത്തേണ്ടതുമാണ്. ഈ പദ്ധതിയുടെ II-ാം ഘടകത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ഇ. ഡി. പി. (EDP) പരിശീലനം ലഭിക്കാത്ത അപേക്ഷകർ ഉണ്ടെങ്കിൽ അവർക്ക് അതിലേക്കാവശ്യമായ പരിശീലനം നൽകുന്നതാണ്. ടി നടപടികൾ പൂർത്തിയായാലുടൻ വായ്പാത്തുക ഗുണഭോക്താവിന്റെ, ഇതിനായി തുടങ്ങിയ ബങ്ക് അക്കൗണ്ടിലേക്ക് ട്രഷറിയിൽനിന്നും തുക മാറി നൽകുന്നതാണ്. വായ്പ ലഭ്യമായ തീയതി മുതൽ മൂന്ന് മാസങ്ങൾക്കുശേഷം തിരിച്ചടവ് തുടങ്ങേണ്ടതാണ്.

6. <u>തുടർനടപടികൾ</u>

(1) ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥർ മൂന്ന് മാസത്തിലൊരിക്കൽ സ്വയംതൊഴിൽ ഗുണഭോക്താക്കളുടെ യോഗം അവർക്കുകൂടി സൗകര്യമായ സ്ഥലത്ത് വിളിച്ചു ചേർത്ത് അവരുടെ പ്രശ്നങ്ങൾ അവലോകനം ചെയ്യുന്നതും അതിനുള്ള പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതുമാണ്.

(2) വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവരുടെ സ്വയംതൊഴിൽ സംരംഭം സന്ദർശിക്കുന്നതാണ്.

(3) തുടർച്ചയായി മൂന്ന് തവണയിൽ കൂടുതൽ തിരിച്ചടവ് മുടക്കം വരുന്ന കേസ്സിൽ അവരെ നേരിട്ടുകണ്ട്/നോട്ടീസ് നൽകി തിരിച്ചടവിന് പ്രേരിപ്പിക്കുന്നതാണ്.

(4) തുടർന്നും തിരച്ചടവിൽ വീഴ്ചവരുത്തുന്നപക്ഷം രജിസ്ട്രേഷൻ റദ്ദുചെയ്ത് റവന്യൂ റിക്കവറി നടപടികൾ ഉൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

7. പൊതുനിർദ്ദേശങ്ങൾ

"കൈവല്യ" പദ്ധതിയുടെ നടത്തിപ്പിന്റെ പൂർണ്ണചുമതല സംസ്ഥാന തലത്തിൽ എംപ്ലോയ്മെന്റ് ഡയറക്ടർക്കായിരിക്കും. പദ്ധതിയുടെ സുഗമമായ നടത്തിപ്പിന് ആവശ്യമായ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് എംപ്ലോയ്മെന്റ് ഡയറക്ടർ നൽകുന്നതും ആവശ്യമായ റിപ്പോർട്ടുകളും വിവരണികളും വാങ്ങുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതുമാണ്. ബജറ്റ് വിഹിതത്തിൽനിന്നും പദ്ധതി നടത്തിപ്പിനാവശ്യമായ ഫണ്ട് എംപ്ലോയ്മെന്റ് ഡയറക്ടർ അതത് സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർമാർക്ക് അലോട്ട്മെന്റ് ആയി നൽകുന്നതും അവർ തുക മാറി നിർദ്ദേശ പ്രകാരം ചെലവഴിക്കുന്നതുമാണ്. 18-3-2011-ലെ ജി. ഒ. (എം എസ്.) 52/2011/തൊഴിൽ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള അധികാര പരിധി പാലിച്ച് അതത് സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർമാർ ഈ പദ്ധതി അതതു മേഖലയിൽ നടപ്പാക്കുന്നതാണ്. ഓരോ ജില്ലയിലേയും പ്ലേസ്മെന്റ് ഓഫീസർമാർ പദ്ധതിയുടെ നടത്തിപ്പിൽ സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർമാരെ സഹായിക്കുന്നതാണ്. പ്ലേസ്മെന്റ് ഓഫീസർമാർ ഇല്ലാത്ത ജില്ലകളിൽ എംപ്ലോയ്മെന്റ് ഡയറക്ടർ നിർദ്ദേശിക്കുന്ന പ്രകാരം മറ്റ് ഉദ്യോഗസ്ഥർ പദ്ധതി ചുമതലകൾ നിർവ്വഹിക്കുന്നതായിരിക്കും. പദ്ധതിക്ക് ബജറ്റിൽ അനുവദിക്കുന്ന തുകയിൽ നിന്ന് ആവശ്യാനുസരണം ഓരോ ഘടകത്തിനും എംപ്ലോയ്മെന്റ് ഡയറക്ടർ തുക അനുവദിക്കുന്നതാണ്. പദ്ധതിയുടെ നിർദ്ദിഷ്ട ഘടനയ്ക്കുള്ളിൽനിന്നുകൊണ്ട് ഇക്കാര്യത്തിൽ ആവശ്യമായ നിർദ്ദേശങ്ങളും സംശയ നിവാരണങ്ങളും എംപ്ലോയ്മെന്റ് ഡയറക്ടർക്ക് നടത്താവുന്നതാണ്. പദ്ധതിയിൽ മൗലികമായ മാറ്റങ്ങൾ വരുത്തുന്നതിനുള്ള അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.